ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 25.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത യുവജനങ്ങൾ രാഷ്ട്രീയ സംവിധാനത്തിലെത്തുന്നത് രാജ്യത്തിൻറെ ഭാവി പരിവർത്തനപ്പെടുത്തുമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi said in Mann Ki Baat that the youth who have no political background entering the political system will transform the future of the country.**

2. ദേശീയ ഐക്യമാണ് നീതിന്യായ വ്യവസ്ഥയുടെ അടിത്തറയെന്നും നീതി കഴിയുന്നത്ര ലളിതവും വ്യക്തവുമാക്കേണ്ടത് എല്ലാവരുടെയും കൂട്ടായ ഉത്തരവാദിത്തമാണെന്നും പ്രധാനമന്ത്രി. രാജ്യത്തിൻറെ യും സമൂഹത്തിൻറെയും ഭാവി നിർണയിക്കുന്നതിൽ വനിതകൾ സുപ്രധാന പങ്കുവഹിക്കുന്നതായും നരേന്ദ്രമോദി.

**The Prime Minister said that national unity is the foundation of the justice system and it is the collective responsibility of all to make justice as simple and clear as possible. Narendra Modi also said that women play an important role in determining the future of the country and society.**

3. വനിതാ ഡോക്ടർ കൊല്ലപ്പെട്ട കൊൽക്കത്ത ആർ ജി കർ മെഡിക്കൽ കോളജിലെ സാമ്പത്തിക അഴിമതിയുമായി ബന്ധപ്പെട്ട് പശ്ചിമബംഗാളിലെ 15 ഇടങ്ങളിൽ സിബിഐ പരിശോധന.

**CBI inspects 15 places in West Bengal in connection with financial corruption in Kolkata RG Kar Medical College where a woman doctor was killed.**

4. ഈ മാസം 28 ന് ആരംഭിക്കുന്ന പാരീസ് പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ അത്ലറ്റുകളെ പിന്തുണയ്ക്കണമെന്ന് ജനങ്ങളോട് ആവശ്യപ്പെട്ട് കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ.

**Union Sports Minister Mansukh Mandavya has asked people to support the Indian athletes participating in the Paris Paralympics starting on 28th of this month.**

5. വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗം ഈ മാസം 29 ന്.

**An all-party meeting led by Chief Minister Pinarayi Vijayan will be held on 29th of this month to discuss the rehabilitation of Wayanad landslide victims.**

**&&&&&&&&&&&&**

## PM-MANN KI BAAT-1

ബഹിരാകാശ മേഖലയിൽ രാജ്യത്തിൻറെ പുരോഗതിയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ബഹിരാകാശ മേഖലയിലെ പരിഷ്കരണങ്ങളിലൂടെ രാജ്യത്തെ യുവജനങ്ങൾക്ക് വലിയ പ്രയോജനം ലഭിച്ചിട്ടുണ്ട്. ആകാശവാണിയിലൂടെയുള്ള പ്രതിമാസ റേഡിയോ പരിപാടി മൻകി ബാത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. ചന്ദ്രയാൻ-3 ദൗത്യ വിജയത്തിൻറെ ഭാഗമായുള്ള ദേശീയ ബഹിരാകാശ ദിനാഘോഷം 23-ാം തീയതി ആഘോഷിച്ചത് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

**&&&&&&&&&&&&**

## PM MANN KI BAAT-2

സ്വാതന്ത്ര്യദിനത്തിൽ ചുവപ്പ്കോട്ടയിൽ പ്രസംഗിക്കവെ രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത ഒരു ലക്ഷം യുവജനങ്ങൾ രാഷ്ട്രീയ സംവിധാനവുമായി ബന്ധപ്പെടണമെന്ന് താൻ ആവശ്യപ്പെട്ട കാര്യം ശ്രീ നരേന്ദ്രമോദി ഓർമ്മിപ്പിച്ചു. ഈ ആഹ്വാനത്തിന് വലിയ തോതിലുള്ള പ്രതികരണമുണ്ടായി.

രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത യുവജനങ്ങൾ രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നത് രാജ്യത്തിൻറെ ഭാവിതന്നെ പരിവർത്തനപ്പെടുത്തുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

**&&&&&&&&&&&&**

## PM MANN KI BAAT- 3

ഹർഘർ തിരംഗ പ്രചാരണ പരിപാടി സംബന്ധിച്ചും പ്രധാനമന്ത്രി സംസാരിച്ചു. രാജ്യമെമ്പാടുമുള്ള ജനങ്ങളെ ഒരു ചരടിൽ കോർത്തിണക്കാനും ഏക്ഭാരത്, ശ്രേഷ്ഠ് ഭാരത് എന്ന തത്വം അതിൻറെ യഥാർത്ഥ രൂപത്തിൽ കാണാൻ കഴിഞ്ഞെന്നും ശ്രീ നരേന്ദ്രമോദി പറഞ്ഞു. ജമ്മു കശ്മീരിലെ റിയാസിയിലെ ചെനാബ് റെയിൽ പാലത്തിലെ തിരംഗാറാലി പ്രധാനമന്ത്രി അനുസ്മരിച്ചു.

(പി എം ഹോൾഡ് വോയിസ്)

**&&&&&&&&&&&&**

## PM MANN KI BAAT- 4

മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സ്നേഹത്തെ കുറിച്ചും പ്രധാനമന്ത്രി സംസാരിച്ചു. മൃഗങ്ങളുടെ കൊമ്പുകൾക്കായി അവയെ വേട്ടയാടുന്നതിൽ നിന്നും സംരക്ഷിക്കാൻ അരുണാചൽ പ്രദേശിലെ ചില യുവാക്കൾ 3 ഡി പ്രിൻറിംഗ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നത് ശ്രീ നരേന്ദ്രമോദി ചൂണ്ടിക്കാട്ടി. മഴവെള്ള സംഭരണം, അമ്മയുടെ പേരിൽ മരം നടീൽ പരിപാടി എന്നിവയിൽ പങ്കാളികളാകണമെന്നും പ്രധാനമന്ത്രി ജനങ്ങളോട് ആവശ്യപ്പെട്ടു.

**&&&&&&&&&&&&**

## PM MANN KI BAAT -5

ജീവിതത്തിൽ ശാരീരിക ക്ഷമതയുടെ പ്രാധാന്യവും ശ്രീ നരേന്ദ്രമോദി ഊന്നിപ്പറഞ്ഞു. ഇതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കുള്ളിൽ ആരംഭിക്കുന്ന പാരാലിമ്പിക്സിൽ ഇന്ത്യ പങ്കെടുക്കുന്നതും താരങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. അടുത്ത് വരുന്ന ജന്മാഷ്ടമി, വിനായക ചതുർത്ഥി, ഓണം, മിലാദ്

ഉൻ നബി, തെലുങ്ക് ഭാഷാ ദിവസ് എന്നിവയ്ക്ക് ആശംസയും പ്രധാനമന്ത്രി നേർന്നു.

**&&&&&&&&&&&&**

## PM -RAJASTAN

ദേശീയ ഐക്യമാണ് നീതിന്യായ വ്യവസ്ഥയുടെ അടിത്തറയെന്നും നീതി കഴിയുന്നത്ര ലളിതവും വ്യക്തവുമാക്കേണ്ടത് എല്ലാവരുടെയും കൂട്ടായ ഉത്തരവാദിത്തമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി .നീതിന്യായ വ്യവസ്ഥയിൽ സാങ്കേതിക വിദ്യയ്ക്ക് സുപ്രധാന പങ്ക് വഹിക്കാൻ സാധിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.. ജോധ്പൂരിൽ രാജസ്ഥാൻ ഹൈക്കോടതിയുടെ 75 ആം വാര്ഷികാഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.എല്ലാവർക്കും നീതി എന്നതാണ് ഭാരതീയ ന്യായ സംഹിത ലക്ഷ്യമിടുന്നത്. ഇന്ത്യൻ ശിക്ഷാ നിയമത്തിന് പകരം ഭാരതീയ ന്യായ സംഹിത നിലവിൽ വന്നത് കൊളോണിയൽ ചിന്താഗതിയിൽ നിന്നുള്ള മോചനമാണ് സാധ്യമാക്കിയിരിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

**&&&&&&&&&&&&**

## EVE. PM LAKHPATI DIDI

രാജ്യത്തിൻറെയും സമൂഹത്തിൻറെയും ഭാവി നിർണയിക്കുന്നതിൽ വനിതകൾ സുപ്രധാന പങ്കുവഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്ത്രീകൾ എത്തിപ്പെടാത്ത മേഖലകളിലും അവരുടെ പങ്കാളിത്തം കൊണ്ടുവരാൻ സർക്കാർ ശ്രമിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. മഹാരാഷ്ട്രയിലെ ജൽഗാവിൽ 11 ലക്ഷം പുതിയ ലഖ്പതി ദീദികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. വർഷം ഒരു ലക്ഷത്തിലേറെ രൂപ വരുമാനമുളള സ്വയം സഹായ സംഘംഗങ്ങളായ ലഖ്പതി ദീദികളെ ആദരിച്ച പ്രധാനമന്ത്രി അവരുമായി ആശയവിനിമയം നടത്തി. സ്ത്രീ ശാക്തീകരണത്തിനൊപ്പം അവരുടെ സുരക്ഷയ്ക്കും സർക്കാർ ഏറെ പ്രാധാന്യം നൽകുന്നുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യങ്ങൾ മാപ്പ് അർഹിക്കുന്നില്ല. അത്തരം കുറ്റവാളികളെ രക്ഷപ്പെടാൻ അനുവദിക്കില്ലെന്നും ശ്രീ മോദി പറഞ്ഞു. 2,500 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് വിതരണവും 5,000 കോടി രൂപയുടെ ബാങ്ക് വായ്പ വിതരണവും അദ്ദേഹം നിർവഹിച്ചു . 4.3 ലക്ഷം സ്വയം സഹായ

സംഘങ്ങളിലെ 48 ലക്ഷം പേർക്ക് റിവോൾവിംഗ് ഫണ്ട് വിതരണത്തിൻറെ ഗുണം ലഭിക്കും. ബാങ്ക് വായ്പ വിതരണം രണ്ടുലക്ഷത്തി 35,400 സ്വയം സഹായ സംഘങ്ങളിലെ 25.8 ലക്ഷം അംഗങ്ങൾക്ക് ഗുണകരമാകും. കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ, മഹാരാഷ്ട്ര ഗവർണർ സി പി രാധാകൃഷ്ണൻ, മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ, ഉപമുഖ്യമന്ത്രിമാരായ ദേവേന്ദ്ര ഫഡ്നവിസ്, അജിത് പവാർ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

&&&&&&&&&&&&

## CBI -WB

കൊൽക്കത്തയിൽ വനിതാ ഡോകടർ കൊല്ലപ്പെട്ട ആർ ജി കർ മെഡിക്കൽ കോളജിലെ സാമ്പത്തിക അഴിമതിയുമായി ബന്ധപ്പെട്ട് പശ്ചിമബംഗാളിലെ 15 ഇടങ്ങളിൽ സിബിഐ പരിശോധന. മെഡിക്കൽ കോളജ് മുൻ പ്രിൻസിപ്പാൾ ഡോ സന്ദീപ് ഘോഷിനെ വീട്ടിലെത്തിയ സിബിഐ സംഘം ചോദ്യം ചെയ്തു. കോളജിലെ പുതിയ പ്രിൻസിപ്പാളിനെയും വൈസ് പ്രിൻസിപ്പാളിനേയും സിബിഐയുടെ മറ്റൊരു സംഘം ചോദ്യം ചെയ്തു. ആശുപത്രിയിലെ മുൻ സൂപ്രണ്ട്, മരുന്ന് വിതരണക്കാരൻ എന്നിവരുടെ വീടുകളിലും സി ബി ഐ സംഘമെത്തി ചോദ്യം ചെയ്തു.

&&&&&&&&&&&&

## MANDAVIYA-PARALYMPICS

ഈ മാസം 28 ന് ആരംഭിക്കുന്ന പാരീസ് പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ അത്ലറ്റുകളെ പിന്തുണയ്ക്കണമെന്ന് ജനങ്ങളോട് ആവശ്യപ്പെട്ട് കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. ഇന്ത്യയിൽ നിന്ന് 84 ദിവ്യാംഗ അത്ലറ്റുകളാണ് പാരാലിമ്പിക്സിൽ പങ്കെടുക്കുന്നത്. ആദ്യമായാണ് ഇത്രയധികം താരങ്ങൾ ഇന്ത്യയിൽ നിന്ന് പാരാലിമ്പിക്സിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&

## WAYANAD

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരായവരുടെ പുനരധിവാസം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 29ന് ഓൺലൈനായി സർവ്വകക്ഷി യോഗം വിളിച്ചു. അതിനിടെ, വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവർക്ക്

വേണ്ടിയുള്ള തിരച്ചിലിൽ ഇന്ന് ആറ് ശരീരഭാഗങ്ങൾ കണ്ടെത്തി. പ്രത്യേക സംഘം നടത്തിയ പരിശോധനയിലാണ് സൂചിപ്പാറ മേഖലയിൽ നിന്നും ശരീരഭാഗങ്ങൾ കണ്ടെത്തിയത്.

**&&&&&&&&&&&&**

## SPECIAL TEAM POLICE

ചലചിത്ര മേഖലയിലെ വനിതകൾ അഭിമുഖീകരിക്കേണ്ടിവന്ന ദുരനുഭവങ്ങളും പരാതികളും വെളിപ്പെടുത്തലുകളും സംബന്ധിച്ച് അന്വേഷിക്കാൻ പ്രത്യേക അന്വേഷണസംഘം രൂപീകരിക്കാൻ തീരുമാനം. പോലീസ് ഐജി സ്പർജൻ കുമാറിൻറെ നേതൃത്വത്തിൽ ഉയർന്ന വനിതാ പോലീസ് ഓഫീസർമാർ ഉൾപ്പെടുന്ന ഒരു പ്രത്യേക അന്വേഷണസംഘം രൂപീകരിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ തീരുമാനിച്ചു. സ്പെഷ്യൽ ടീമിന് ക്രൈംബ്രാഞ്ച് എഡിജിപി എച്ച് വെങ്കിടേഷ് മേൽനോട്ടം വഹിക്കും.

**&&&&&&&&&&&&**

## SREEKRISHNA JAYANTHI

നാളെ ശ്രീകൃഷ്ണ ജയന്തി. ഗുരുവായൂർ ഉൾപ്പെടെയുള്ള പ്രധാന ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ ആഘോഷങ്ങൾക്കും ഭക്തർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ബാലഗോകുലത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ശോഭാ യാത്ര നടക്കും. തിരുവനന്തപുരത്ത് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ സംഗമ ശോഭായാത്ര ഉദ്ഘാടനം ചെയ്യും. ആറന്മുള പാർത്ഥ സാരഥി ക്ഷേത്രത്തിൽ അഷ്ടമി രോഹിണി വള്ള സദ്യ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.

**&&&&&&&&&&&&**

## PREZ-VP-JANMASHTAMI

ജന്മാഷ്ടമിയോടനുബന്ധിച്ച് രാഷ്ട്രപതി, ഉപരാഷ്ട്രപതി തുടങ്ങിയവർ രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഭഗവാൻ ശ്രീകൃഷ്ണൻറെ ആദർശങ്ങൾക്കനുസൃതമായി ജീവിക്കാൻ ജന്മാഷ്ടമി ദിനം നമുക്ക്

പ്രചോദനമേകുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമ്മു തൻറെ ആശംസാ സന്ദേശത്തിൽ പറഞ്ഞു. സത്യസന്ധതയിലും മറ്റുള്ളവരുടെ ദുഖത്തിൽ പങ്കാളികളായും ജീവിതം നയിക്കണ്ടതിൻറെ പ്രാധാന്യം, ധർമ്മത്തിൻറെ മൂല്യം , തിന്മയുടെ മേലുള്ള നന്മയുടെ വിജയം എന്നിവ ദിനാചരണം ഓർമ്മപ്പെടുത്തുന്നതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&

## NARCOTICS CONTROL BUREAU

2047 ഓടെ രാജ്യത്തെ ലഹരി വിമുക്തമാക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനം രാജ്യത്തെ ജനങ്ങൾ ഏറ്റെടുത്തു കഴിഞ്ഞതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.ഛത്തീസ്ഗഡിലെ നവ റായ്പൂരിൽ നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയുടെ റീജിയണൽ യൂണിറ്റ് ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മയക്കുമരുന്നിൻ്റെ അനധികൃത വ്യാപാരം ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു.ഇതിൽ നിന്ന് ലഭിക്കുന്ന പണം ഭീകരവാദത്തെയും, തീവ്രവാദത്തെയും പ്രോത്സാഹിപ്പിക്കുകയും രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ രാജ്യത്തെ അനധികൃത മയക്കുമരുന്ന് വ്യാപാര ശൃംഖല തകർക്കേണ്ടതുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.ഇതുമായി ബന്ധപ്പെട്ട് ശക്തമായ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട് പോകുമെന്നും ശ്രീ അമിത് ഷാ പറഞ്ഞു.

&&&&&&&&&&&&

## JITENDRA-US MEET

ഗഗൻയാൻ ദൗത്യത്തിൽ ഭാഗഭാക്കാകുന്ന ഇന്ത്യൻ ബഹിരാകാശ സഞ്ചാരി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്താൻ തയാറെടുത്തിരിക്കുകയാണെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. ഇന്ത്യ-യുഎസ് ബഹിരാകാശ സഹകരണത്തിലെ സുപ്രധാന നാഴികക്കല്ലായി ഇത് മാറുമെന്ന് മന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന യുഎസ്-ഇന്ത്യ സിവിൽ ആണവ വാണിജ്യ ഉഭയകക്ഷി യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&
&&&&&&&
&&&